# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6377     21.11.2019 -ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലെ കയ്യേറ്റങ്ങൾ</u>**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീമതി.പി.അയിഷാപോറ്റി** | : | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിൽ ചുമതല നൽകിയിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ പൊതുമരാമത്ത് പാതയോരങ്ങളിലെ അനധികൃത കൈയ്യേറ്റങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ജില്ലകൾതോറും പ്രത്യേക ടീമുകളെ സജ്ജമാക്കി ഒഴിപ്പിക്കൽ നടപടികൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ) (ബി) & (സി) 03.09.16 ലെ സർക്കാർ ഉത്തരവ് (കൈ) നം.63/16 പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനായി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സാദ്ധ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ സംരക്ഷണത്തിനും നിരീക്ഷണത്തിനുമായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി ആക്ട് പ്രകാരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള അധികാരം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. ഉത്തരവ് കർശനമായി പാലിക്കുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 08.02.2017-ൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും ഗതാഗത വകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ എല്ലാ ജില്ലാ കളക്ടർമാരുടെയും ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും നടത്തിയ വീഡിയോ കോൺഫറൻസിൽ

ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത്, പോലീസ് റവന്യൂ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത കൈയ്യേറ്റങ്ങൾ ഉള്ളതിൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**